**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1878          13.06.2019 ൽ മറുപടിയ്ക്ക്

**സ്വകാര്യസ്ഥാപനങ്ങൾ മുഖേന ഫയൽവിവരങ്ങൾ കൈമാറുന്നതീരുമാനം**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ്കബീർ | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളിലെ ഫയൽ നീക്ക സംവിധാനമായ ഇ-ഓഫീസ് നിലവിൽ മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുവാൻ നടപടികൾ എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) യും (ബി) യും | സർക്കാർ ഓഫീസുകളിലെ ഫയൽ നീക്ക സംവിധാനമായ ഇ-ഓഫീസ് സ്വകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടില്ല. എന്നാൽ എൻ.ഐ.സി മുഖേന നടപ്പിലാക്കുന്ന ഇ-ഓഫീസ് സോഫ്റ്റ്‌വെയറിന് വേഗതക്കുറവ്, കുറഞ്ഞ ഉപയോക്തൃ സൗഹൃദം, സോഫ്റ്റ് വെയറിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക വിദ്യയുടെ കാലപ്പഴക്കം മൂലമുള്ള സാങ്കേതിക പ്രശ്നങ്ങൾ തുടങ്ങി നിരവധി പോരായ്മകളുള്ളതിനാൽ ആയതു മാറ്റി പുതിയ ഒരു സംവിധാനം കൊണ്ട് വരുന്നതിനു തീരുമാനിക്കുകയും ടെണ്ടർ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിൽ ഇ-ഓഫീസ് സംവിധാനം ചെയ്തുവരുന്ന എൻ.ഐ.സി.യിൽ നിന്നും പ്രസ്തുത സേവനം മാറ്റുന്നതിന് കാരണം എന്തെല്ലാമാണ്; | | |
| (സി) | സർക്കാരിന്റെ പക്കലുള്ള രഹസ്യ സ്വഭാവം അടങ്ങുന്നതുൾപ്പെടെയുള്ള ഫയലുകളുടെ വിവരങ്ങൾ സ്വകാര്യ സ്ഥാപനത്തിന് കൈമാറുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഇല്ല. |

Sajan

**സെക്ഷൻ ഓഫീസർ**